(സി-എഫ്) ഈ പദ്ധതിയിൽ രണ്ടാം റീച്ച് സെയ്ദ മുഹമ്മദ് റോഡുമുതൽ ഞാറക്കൽ ആശുപത്രി റോഡുവരെ 7.13 കി.മീറ്ററിന് 4.91 കോടി രൂപയ്ക്ക് സർക്കാർ അനുമതി ലഭ്യമായി നിർമ്മാണം തുടങ്ങിയെങ്കിലും പരിസരവാസികൾ തടസ്സം ഉന്നയിച്ചിരിക്കുന്നതിനാൽ നിർമ്മാണം നിലവിൽ നിർത്തിവച്ചിരിക്കുകയാണ്. ഒന്നും രണ്ടും റീച്ചുകളിൽ നിർമ്മാണ പ്രവൃത്തി തുടങ്ങിയിട്ടില്ല. ഇറിഗേഷൻ വകുപ്പ്, കടൽഭിത്തിയിൽ നിന്നും 3 മീറ്റർ വിട്ട് റോഡ് നിർമ്മിക്കുവാൻ പാടുള്ളൂ എന്നറിയിച്ചിട്ടുണ്ട്. കടൽജലം അടിച്ചുകയറി റോഡ് ഗതാഗതയോഗ്യമല്ലാതായി തീരുന്നതിനാൽ സംരക്ഷണഭിത്തി നിർമ്മിച്ചശേഷം റോഡ് ഉയർത്തി നിർമ്മിക്കണമെന്നും വെള്ളക്കെട്ട് ഒഴിവാക്കുവാൻ ഇടവിട്ട് കാന നിർമ്മിക്കണമെന്നും സ്ഥലവാസികൾ ആവശ്യപ്പെട്ടിരിക്കുകയാണ്. ആയതിനാൽ നിലവിലുള്ള എസ്റ്റിമേറ്റ് പുതുക്കി തരുവാൻ കിറ്റ്കോയെ എൽപ്പിച്ചിട്ടുണ്ട്. മേൽ കാരണങ്ങളാൽ പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിടുകയാണ്. പ്രസ്തുത തടസ്സങ്ങൾ നിലനിൽക്കുന്നതിനാൽ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കുവാൻ ആകുമെന്ന് വ്യക്തമാക്കുന്നതിന് സാധിക്കുന്നില്ല.

മുളവുകാട് റോഡിന്റെ നിർമ്മാണത്തിന് ജിഡയിൽനിന്നും ഫണ്ട്

181 (1619) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുളവുകാട് റോഡിന്റെ നിർമ്മാണത്തിന് ജിഡയിൽ നിന്നും ഫണ്ട് അനുവദിച്ചിട്ടുണ്ടെങ്കിൽ എത്രയെന്നും എന്നാണ് അനുമതി നൽകിയതെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിലെ കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മുളവുകാട് റോഡ് നിർമ്മാണത്തിന് 26-11-2012-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 3220/12/തസ്വഭവ ഉത്തരവ് പ്രകാരം 2.57 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 1,97,32,764 രൂപ നൽകിയിട്ടുണ്ട്.

(ബി) മുളവുകാട് നിലവിലുള്ള 5.50 കി.മീ. ദൂരം വരുന്ന റോഡ് വീതി കൂട്ടി വികസിപ്പിക്കുന്നതിന് ജനപങ്കാളിത്തത്തോടെ ജിഡ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു പദ്ധതിയാണിത്. മുളവുകാട് റോഡിന്റെ വടക്കെ അറ്റത്തുനിന്നും 2.50 കി.മീറ്റർ ദൂരം (ഫെയ്സ് I) ആയി പണി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 3 കി.മീ ഭാഗത്ത് (ഫെയ്സ് II) 140 സ്ഥല ഉടമകൾ സ്ഥലം വിട്ടുനൽകിയിട്ടില്ല. സ്ഥലം പൂർണ്ണമായി വിട്ടുനൽകിയാൽ മാത്രമേ റോഡുപണി പൂർത്തീകരിക്കാൻ നിർവ്വാഹമുള്ളൂ. സ്ഥലമുടമകളിൽനിന്നും ആധാരം, മുന്നാധാരം, കരമടച്ച രസീത് (സ്ഥലത്തിന്റെയും കെട്ടിടത്തിന്റെയും), പൊസഷൻ സർട്ടിഫിക്കറ്റ്, മറ്റ് ബന്ധപ്പെട്ട രേഖകൾ എന്നിവ സ്വീകരിച്ച്, ഈ പദ്ധതിയുടെ കൺസൾട്ടന്റായ കിറ്റ്കോ റിപ്പോർട്ട് നൽകി. ജിഡ സെക്രട്ടറിയുടെ അംഗീകാരത്തോടെ ബന്ധപ്പെട്ട രജിസ്ട്രാർ ആഫീസിൽ തീറാധാരം നടത്തി നഷ്ടപരിഹാരതുകയുള്ള ചെക്ക് നൽകിയാണ് സ്ഥലം ഏറ്റെടുക്കുന്നത്. ശേഷിക്കുന്ന ഭൂവുടമകൾ റോഡ് വികസനത്തിന് ആവശ്യമായ സ്ഥലം വിട്ടുനൽകിയാൽ എത്രയും പെട്ടെന്ന് രജിസ്ട്രേഷൻ നടത്തി പദ്ധതി പൂർത്തീകരിക്കാവുന്നതാണ്.

(സി) ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ കിറ്റ്കോ പലതവണ കത്തുകൾ അയയ്ക്കുകയും കിറ്റ്കോയുടെയും ജിഡയുടെയും പഞ്ചായത്തിലേയും പ്രതിനിധികളും ചേർന്ന് ബന്ധപ്പെട്ട സ്ഥല ഉടമകളുടെ വീടുകൾ സന്ദർശിച്ച് ആവശ്യമായ രേഖകൾ ഉടൻ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട രേഖകൾ സ്വീകരിക്കുന്നതിനായി മുളവുകാട് ഐ.പി. യൂണിറ്റിൽ ഒരു അദാലത്തും നടത്തിയിട്ടുള്ളതാണ്.

(ഡി) ബന്ധപ്പെട്ട ഭൂവുടമകൾ ആവശ്യമായ രേഖകൾ സമർപ്പിച്ചാൽ മാത്രമേ, രജിസ്ട്രേഷൻ നടത്തുവാൻ സാധിക്കുകയുള്ളൂ. അതിനുശേഷമേ റോഡ് വീതി കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

ന്യൂനപക്ഷ ഉദ്യോഗാർത്ഥികൾക്കുള്ള പരിശീലനം

182 (1620) ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളെ സർക്കാർ സർവ്വീസിൽ ജോലി നേടുന്നതിന് പ്രാപ്തരാക്കുന്നതിനുള്ള പരിശീലനം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദീകരിക്കാമോ ;